# കേരള സർവകലാശാല

നം. പി.ആർ.103/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### മൂല്യനിർണയം: അദ്ധ്യാപകർ ഹാജരാകണം

കേരള സർവകലാശാലയുടെ ഏപ്രിലിൽ നടന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ് (ബി.എ/ബി.എസ്‌സി/ബി.കോം/കരിയർ റിലേറ്റഡ്) പരീക്ഷകളുടെ മൂല്യനിർണയത്തിന് നിയോഗിക്കപ്പെട്ട എല്ലാ അദ്ധ്യാപകരും താഴെ പറയുന്ന ദിവസങ്ങളിൽ അതാത് ക്യാമ്പുകളിൽ ഹാജരാകണം. മെയ് 17 – ബി.കോം (ചീഫ് വാല്യുവേഷൻ & സ്കീം ഡിസ്കഷൻ), മെയ് 18 – ബി.കോം (അഡിഷണൽ & ചീഫ് വാല്യുവേഷൻ), മെയ് 20 – ബി.എ/ബി.എസ്‌സി (ചീഫ് വാല്യുവേഷൻ & സ്കീം ഡിസ്കഷൻ), മെയ് 22 – ബി.എ/ബി.എസ്‌സി (അഡീഷണൽ & ചീഫ് വാല്യുവേഷൻ), മെയ് 24 – കരിയർ റിലേറ്റഡ് കോഴ്‌സുകൾ (ചീഫ് വാല്യുവേഷൻ & സ്കീം ഡിസ്കഷൻ), മെയ് 25 – കരിയർ റിലേറ്റഡ് കോഴ്‌സുകൾ (അഡീഷണൽ & ചീഫ് വാല്യുവേഷൻ). മൂല്യനിർണ്ണയ കേന്ദ്രങ്ങൾ–തിരുവനന്തപുരം– എം.ജി കോളേജ് (ബി.എ/ബി.എസ്‌സി), ഗവ.വിമൻസ് കോളേജ് (ബി.കോം). കൊല്ലം– എസ്.എൻ കോളേജ് (ബി.എ/ബി.എസ്‌സി/ബി.കോം/ കരിയർ റിലേറ്റഡ്). പന്തളം എൻ.എസ്.എസ് കോളേജ് (ബി.എ/ ബി.എസ്‌സി/ ബി.കോം/ കരിയർ റിലേറ്റഡ്). ആലപ്പുഴ എസ്.ഡി കോളേജ് (ബി.എ/ ബി.എസ്‌സി/ ബി.കോം/ കരിയർ റിലേറ്റഡ്).

### KMAT പരീക്ഷ

ജൂൺ 11–ന് നടക്കുന്ന KMAT-2017 പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. കൂടുതൽ വിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### സർട്ടിഫിക്കറ്റ് വിതരണം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം 2016 ജൂണിൽ നടത്തിയ പി.ജി.ഡിപ്ലോമ ഇൻ യോഗ തെറാപ്പി, 2016 ഏപ്രിലിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ ടി.വി. ന്യൂസ് റീഡിംഗ് & കോംപെയറിംഗ്, 2016 ഫെബ്രുവരിയിൽ നടത്തിയ പി.ജി.സർട്ടിഫിക്കറ്റ് ഇൻ ഫാമിലി കൗൺസലിംഗ്, 2016 ആഗസ്റ്റിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ എന്നീ കോഴ്‌സുകളുടെ സർട്ടിഫിക്കറ്റുകൾ മെയ് 11 മുതൽ 31 വരെ പി.എം.ജിയിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റ് സഹിതം വന്ന് കൈപറ്റേണ്ടതാണ്.

### ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തിയ ജനുവരി 2016–17 ബാച്ച് പി.ജി.ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന്റെ ഇന്റേണൽ മാർക്ക് പി.എം.ജി-യിലെ സി.എ.സി.ഇ.ഇ ഓഫീസിൽ പ്രസിദ്ധീകരിച്ചു. പരാതിയുള്ളവർ മെയ് 17–ന് മുമ്പായി ഓഫീസിൽ ബന്ധപ്പെടുക.ഫോൺ : 0471–2302523.

## പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സ് പരീക്ഷ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിച്ച പി.ജി ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന്റെ പരീക്ഷകൾ ജൂൺ 7, 9, 12, 14, 16, 19, 21, 23, 26, 28 തീയതികളിൽ പി.എം.ജി-യിലെ സി.എ.സി.ഇ.ഇ ഓഫീസിൽ വെച്ച് നടക്കും. പ്രൊജക്റ്റ് റിപ്പോർട്ട് സമർപ്പിക്കേണ്ട അവസാന തീയതി (ഫൈൻ ഇല്ലാതെ) മെയ് 20 (100 രൂപ പിഴയോട്കൂടി മെയ് 25). ഫോൺ: 0471-2302523.

## ബി.കോം ഫലം

കേരള സർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.കോം ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് ആഗസ്റ്റ് 2016 (സപ്ലിമെന്ററി) 2013-ന് മുമ്പുള്ള അഡ്മിഷൻ, രണ്ടാം സെമസ്റ്റർ ബി.കോം ടാക്സ് പ്രൊസീജ്യർ ആന്റ് പ്രാക്റ്റീസ് ജൂലൈ 2016 (സപ്ലിമെന്ററി), ഒന്നാം സെമസ്റ്റർ ബി.കോം കൊമേഴ്സ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് 2013-ന് മുമ്പുള്ള അഡ്മിഷൻ ആഗസ്റ്റ് 2016 എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 14-ാം തീയതി ആരംഭിക്കുന്ന അവസാന വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ ബി.സി.എ (ആന്വൽ സ്കീം) പഴയ സ്കീം (2013-ന് മുമ്പുള്ള അഡ്മിഷൻ) പുതിയ സ്കീം (2013 മുതലുള്ള അഡ്മിഷൻ) ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല നടത്തുന്ന രണ്ടാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - പാർട്ട് ടൈം - റീസ്ട്രക്ചേർഡ് - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മെയ് 18 (50 രൂപ പിഴയോടെ മെയ് 20, 125 രൂപ പിഴയോടെ കൂടി മെയ് 23) വരെ ഫീസടച്ച് ഓൺലൈനായി അപേക്ഷിക്കാം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡവലപ്മെന്റ് ഫലം

കേരള സർവകലാശാല സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിങ് നടത്തിയ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡവലപ്മെന്റ് കോഴ്സിന്റെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി ആയുർവ്വേദ പരീക്ഷ ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ ഫൈനൽ പി.ജി ആയുർവ്വേദ പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
11.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**